**പതിനഞ്ചാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**
22-07-2021

## (1) നിയമസഭാ ചട്ടലംഘനം

2021 ജൂലൈ 22-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ദിവസംതന്നെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച നടത്തുന്നത് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 143(1)-ന്റെ ലംഘനമാണെന്ന് പ്രതിപക്ഷനേതാവ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു.

ബലിപെരുന്നാൾ പ്രമാണിച്ച് 21-07-2021-ന് ആരംഭിക്കേണ്ടിയിരുന്ന സഭാസമ്മേളനം 22-ാം തീയതിയിലേക്ക് മാറ്റിയ സാഹചര്യത്തിലാണ് റിപ്പോർട്ട് സമർപ്പണവും ചർച്ചയും ഒരേ ദിവസം നടത്തേണ്ടിവന്നതെന്ന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ പ്രാരംഭ ദിവസമായ 22-07-2021-നാണ് 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന പൂർത്തീകരിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത്. ചട്ടം 143(1)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി സൂക്ഷ്മ പരിശോധനാ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസമാണ് കീഴ്‌വഴക്കപ്രകാരം ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുന്നത്. ബലിപ്പെരുനാൾ ദിനം മാറിവന്ന സാഹചര്യത്തിലാണ് കലണ്ടറിൽ മാറ്റം വരുത്തി 22-07-2021-ന് സഭ ചേരാൻ തീരുമാനിച്ചത്. കോവിഡ് പശ്ചാത്തലം നിലനിൽക്കുന്നതിനാൽ സമ്മേളന ദിനത്തിൽ മാറ്റം വരുത്താൻ സാധിക്കുകയില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്ന അതേ ദിവസംതന്നെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ആരംഭിച്ച സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പഠിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ ഇന്ന് രാവിലെതന്നെ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇരിപ്പിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.''

---